(സി) അഞ്ചൽ പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 465/00 നമ്പർ കേസ്സിൽ പുനലൂർ എ.എസ്.പി. പുനരന്വേഷണം നടത്തിയതിൽ നിന്നും ടി കേസ് കളവാണെന്ന് കണ്ട് "ഫാൾസ്" ആയി അന്തിമ റിപ്പോർട്ട് കോടതി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ അഞ്ചൽ എസ്.ഐ. ആയിരുന്ന വി. സുഗതന് എതിരെ ഒരു അവാച്യാന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ആയതിന്റെ നടപടി ക്രമങ്ങൾ നടന്നുവരുന്നു.

(ഇ) ഫാൾസ് റിപ്പോർട്ട് നൽകിയിരുന്നു.

(എഫ്&ജി) ടി കേസിൽ പ്രതികളായി ആരോപിച്ചവരുടെ പേരിൽ മോഷണ കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(എച്ച്) അഞ്ചൽ വില്ലേജിൽ അഗസ്തിക്കോട് മുറിയിൽ കുരുവിക്കോണം തേക്കിൻ കാട്ടിൻ പുത്തൻവീട്ടിൽ ഭാർഗ്ഗവി മകൾ ചന്ദ്രമതിയേയും മറ്റും ശ്രീ.കുര്യൻജോർജും, ടിയാന്റെ ഭാര്യ സോമു കുര്യൻ ജോലിക്കാരനായ മോഹനനും കൂടി അസഭ്യം വിളിച്ചതിനെ തുടർന്ന് ടിയാൻമാർക്കെതിരെ പോലീസിൽ പരാതികൊടുത്തതിലുള്ള വിരോധ കാരണത്താൽ 17-12-2000-ൽ ടി. കുര്യൻ ജോർജും മോഹനനും കൂടി ചന്ദ്രമതിയുടെ വീട്ടുമുറ്റത്ത് കയറി ടിയാളെയും ടിയാളുടെ ഭർത്താവിനേയും ചീത്ത വിളിക്കുകയും ശല്യം ചെയ്തതായും കാണിച്ച് ടി ചന്ദ്രമതി പുനലൂർ മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്ത സി.എം.പി. 7098/2000 നമ്പർ അന്യായത്തിന്റെ അടിസ്ഥാനത്തിലാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥർ

149 (3798) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എ.എസ്.പി. മുതൽ ഡി.വൈ.എസ്.പി. വരെയുള്ള എത്ര ഉദ്യോഗസ്ഥരുടെ പേരിൽ അഴിമതിയും സ്വഭാവദൂഷ്യവും കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെങ്കിലും കേസിൽ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ള വരുടെയും അന്വേഷണം നേരിടുന്നവരുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ഇ) വിജിലൻസ് അന്വേഷണം ആരുടെയെല്ലാം പേരിൽ നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ക്രിമിനൽ കുറ്റം ചെയ്തവർ എത്രപേർ ശിക്ഷണ നടപടിക്ക് വിധേയരായിട്ടുണ്ട് ; അവർ ആരെല്ലാം ;

(ജി) പാലക്കാട് ഡി.വൈ.എസ്.പി.എം.ഡി. ബേബിക്കെതിരെ എത്ര പരാതികൾ വിജിലൻസ് ഉൾപ്പെടെയുള്ള അധികാരികൾക്ക് ലഭിച്ചിട്ടുണ്ട് ;

(എച്ച്) കേസുകളുടെ അന്വേഷണ റിപ്പോർട്ടുകളും അന്വേഷണ പുരോഗതിയും കേസുകൾ തിരിച്ചും വിശദാംശം ലഭ്യമാക്കുമോ ;

(ഐ) പ്രസ്തുത ഡി.വൈ.എസ്.പി. വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ജെ) ടിയാനെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി അന്വേഷണം ഊർജ്ജിതമാക്കാൻ അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അഴിമതി ആരോപണത്തിനും സ്വഭാവദൂഷ്യത്തിനുമായി 22 ഡി.വൈ.എസ്.പി.മാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. എ.എസ്.പി.യും, ഡി.വൈ.എസ്.പി.യും ഒരേ റാങ്കിലുള്ളതാണ്. എ.എസ്.പി.മാർ ആരും ഇല്ല.

(സി&ഡി) ഉണ്ട്. കെ.പി.എഫ്.-4 എന്ന ഫോറത്തിലുള്ള ശിക്ഷാ റോളുകൾ നടപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചുവരുന്നുണ്ട്.

(ഇ) വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന്മാരുടെ പേരുവിവരവും മറ്റും ഈ ഘട്ടത്തിൽ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(എഫ്) ഒരു ഡി.വൈ.എസ്.പി. ശ്രീ. മുഹമ്മദ് ഇക്ബാൽ

(ജി) ഒൻപത്

(എച്ച്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഐ) വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുകയാണ്.

(ജെ) കുറ്റക്കാരനാണെന്ന് കണ്ടാൽ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നുള്ള ഐ.പി.എസ്. പ്രൊമൊഷൻ

150 (3800) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിലെയും ആംഡ് റിസർവ്വിലേയും പോലീസ് ഓഫീസർമാരെ ഐ.പി.എസ്സ്. പ്രൊമോഷനും പരിഗണിക്കേണ്ടതില്ല എന്ന ഗവൺമെന്റ് ഉത്തരവ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly